✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1130

# സൂറ – 39 / അസ്സുമർ

## സൂക്തം: 10 – 15

ആദർശവും ആദർശോചിതമായ ചര്യയും മുറുകെ പിടിച്ച് ജീവിതം നയിക്കുക അനായാസകരമല്ല. രോഗത്തിനും ദാരിദ്ര്യത്തിനും പുറമെ ചിലപ്പോൾ കഠിനമായ ദുരിതങ്ങളും പീഡനങ്ങളും അനുഭവിക്കേണ്ടിവരും. ചിലപ്പോൾ ജനിച്ച നാടും വീടും വെടിഞ്ഞ് പലായനം ചെയ്യേണ്ടിവരും. എല്ലാതരം പ്രതിസന്ധികളെയും സ്ഥൈര്യം കൊണ്ടും സഹനശക്തി കൊണ്ടും തരണം ചെയ്യേണ്ടതുണ്ട്.

قُلْ يَٰعِبَادِ ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ رَبَّكُمْ ۚ لِلَّذِينَ أَحْسَنُوا۟ فِى هَٰذِهِ
ٱلدُّنْيَا حَسَنَةٌ ۗ وَأَرْضُ ٱللَّهِ وَٰسِعَةٌ ۗ إِنَّمَا يُوَفَّى ٱلصَّٰبِرُونَ أَجْرَهُم
بِغَيْرِ حِسَابٍ ﴿١٠﴾

10. പ്രവാചകൻ ഉപദേശിക്കുക: 'എന്റെ സത്യവിശ്വാസികളായ ദാസന്മാരേ, നിങ്ങളുടെ നാഥനോട് ഭയഭക്തിയുള്ളവരായിരിക്കുവിൻ. ഈ ഐഹികലോകത്ത് നന്മ ചെയ്യുന്നവർക്ക് ഇഹപര നന്മയുണ്ട്. എന്റെ ഭൂമി വിശാലമാകുന്നു. ക്ഷമിക്കുകയും സഹിക്കുകയും ചെയ്യുന്നവർക്ക് ഉറപ്പായും അവരുടെ പ്രതിഫലം കണക്കില്ലാതെ നൽകുന്നതാകുന്നു.

**10**

قُلْ = നീ പറയുക (പ്രവാചകൻ ഉപദേശിക്കുക) يَا عِبَادِ = എന്റെ ദാസന്മാരേ
الَّذِينَ آمَنُوا = സത്യവിശ്വാസികളായ اتَّقُوا = നിങ്ങൾ സൂക്ഷിക്കുവിൻ, ഭയഭക്തിയുള്ളവരായിരിക്കുവിൻ
رَبَّكُمْ = നിങ്ങളുടെ നാഥനെ لِلَّذِينَ أَحْسَنُوا = നന്മ ചെയ്യുന്നവർക്കുണ്ട് فِي هَٰذِهِ الدُّنْيَا = ഈ ഐഹിക ലോകത്ത്
حَسَنَةٌ = (ഇഹപര) നന്മ وَأَرْضُ اللَّهِ = അല്ലാഹുവിന്റെ ഭൂമി وَاسِعَةٌ = വിശാലമായതാകുന്നു
إِنَّمَا يُوَفَّى = തീർച്ചയായും നിറവേറ്റപ്പെടും, വീട്ടപ്പെടും (നൽകുന്നതാകുന്നു)
الصَّابِرُونَ = ക്ഷമിക്കുന്നവർ (ക്ഷമിക്കുകയും സഹിക്കുകയും ചെയ്യുന്നവർക്ക്)
أَجْرَهُمْ = അവരുടെ പ്രതിഫലം بِغَيْرِ حِسَابٍ = കണക്കില്ലാതെ

പ്രവാചകനെ സാന്ത്വനിപ്പിച്ചതിനെത്തുടർന്ന്, ദൈവധിക്കാരികളുടെ മർദനപീഡനങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുന്ന വിശ്വാസികളെ കൂടി സമാശ്വസിപ്പിക്കാൻ പ്രവാചകനോടാവശ്യപ്പെടുകയാണ്. അല്ലാഹു ഏകനും സർവശക്തനുമാണെന്ന് വിശ്വസിച്ചതുകൊണ്ടു മാത്രം അവരുടെ ദീൻ പൂർണമാകുന്നില്ല. അല്ലാഹുവിനോട് ഭയഭക്തിയുള്ളവരായി വർത്തിക്കുക കൂടി വേണം. اتَّقُوا-തഖ്‌വയുള്ളവരായിരിക്കുക- എന്നാണ് മൂലപദം. تقوى-യുടെ വിശാലമായ ആശയമാനം നേരത്തേ വ്യക്തമാക്കിയിട്ടുള്ളതാണ്. തഖ്‌വക്ക് പൂർവസൂരികൾ നൽകിയിട്ടുള്ള നിർവചനമാണ് ഇവിടെ

ഉദ്ദേശ്യം. امتثال أوامر الله واجتناب نواهيه -അല്ലാഹു കൽപിച്ചത് പാലിക്കുക, നിരോധിച്ചത് വർജിക്കുക. അതായത് അല്ലാഹുവിന്റെ വിധിവിലക്കുകൾ ജാഗ്രതയോടെ അനുസരിച്ചുകൊണ്ട് ജീവിക്കുക. അതാണ് ഭൗതിക ജീവിതത്തിന്റെ നന്മയും സൗന്ദര്യവും. ഈ ഐഹിക ജീവിതത്തിൽ തഖ്‌വ കൈക്കൊണ്ട് സൽക്കർമങ്ങളാചരിക്കുന്നവർക്ക് ഈ ലോകത്തും പരലോകത്തും നന്മയുണ്ട്. ഈ ലോകത്ത് അതുവഴി നേടുന്നത് പ്രധാനമായും രണ്ട് നന്മകളാണ്: 1. ദുർവൃത്തികളിൽനിന്നും അക്രമങ്ങളിൽനിന്നും ദുശ്ശീലങ്ങളിൽനിന്നും മുക്തമായ സംസ്കൃത ജീവിതം. 2. അമിതാസക്തികളും ആർത്തികളും മാത്സര്യങ്ങളുമൊഴിഞ്ഞ ശാന്തവും ദൈവഭക്തിയാൽ പ്രകാശപൂരിതവുമായ മനസ്സ്. ശത്രുക്കളുടെ കൊടിയ പീഡനങ്ങളിൽ ഞെരിപിരികൊള്ളുമ്പോഴും അവരുടെ വിശ്വാസ തേജസ്സിനും മനശ്ശാന്തിക്കും മങ്ങലേൽക്കുകയില്ല. മണൽപരപ്പിൽ മലർന്നു കിടന്ന് ശത്രുക്കളുടെ ചാട്ടവാറുകൾ ഏറ്റുവാങ്ങിക്കൊണ്ടിരുന്നപ്പോഴും احد ، احد (ഏകൻ, ഏകൻ) എന്ന് അചഞ്ചലനായി ആവർത്തിക്കാൻ ബിലാലി(റ)നെ പ്രാപ്തനാക്കിയത് ആ ഈമാനിക തേജസ്സും മനശ്ശാന്തിയുമാണ്. മരണാനന്തരം അവരെ കാത്തിരിക്കുന്ന നിത്യാനന്ദകരമായ ശാശ്വത സ്വർഗമാണ് പരലോകത്തെ നന്മ.

അല്ലാഹുവിന്റെ ഭൂമി വിശാലമാകുന്നു - أَرْضُ اللَّهِ وَاسِعَةٌ എന്ന പ്രസ്താവന മർദനപീഡനങ്ങളാൽ സ്വദേശത്ത് നിൽക്കക്കള്ളിയില്ലാതാകുന്നവർക്കുള്ള ഉപദേശവും കൂടിയാണ്. ഈമാനോടും തഖ്‌വയോടും കൂടി സ്വദേശത്ത് ജീവിക്കുക ദുസ്സാധ്യമാണെങ്കിൽ ഉപേക്ഷിക്കേണ്ടത് ഈമാനും തഖ്‌വയുമല്ല; സ്വദേശമാണ്. വളരെ വിശാലമായതാണീ ഭൂമി. അത് മുഴുവൻ അല്ലാഹുവിന്റേതാകുന്നു. ആദർശോചിതമായ ജീവിതം സാധ്യമാകുന്നതെവിടെയാണോ അവിടെ ചെന്ന് താമസിക്കുക. ഇതേ ആശയം 29:56 സൂക്തം ഇങ്ങനെ അവതരിപ്പിക്കുന്നു:

يَا عِبَادِيَ الَّذِينَ آمَنُوا إِنَّ أَرْضِي وَاسِعَةٌ فَإِيَّايَ فَاعْبُدُونِ

(എന്റെ സത്യവിശ്വാസികളായ ദാസന്മാരേ, എന്റെ ഭൂമി വിശാലമാകുന്നു. ആകയാൽ നിങ്ങൾ എനിക്കു മാത്രം ഇബാദത്ത് ചെയ്യുക). അല്ലാഹുവിനു മാത്രം ഇബാദത്ത് ചെയ്തു ജീവിക്കാൻ അനിവാര്യമാണെങ്കിൽ പ്രവാസ ജീവിതം സ്വീകരിക്കുക എന്നാണിതിന്റെയും താൽപര്യം. 4:100-ൽ പറയുന്നു:

وَمَن يُهَاجِرْ فِي سَبِيلِ اللَّهِ يَجِدْ فِي الْأَرْضِ مُرَاغَمًا كَثِيرًا وَسَعَةً ۚ وَمَن يَخْرُجْ مِن بَيْتِهِ مُهَاجِرًا إِلَى اللَّهِ وَرَسُولِهِ ثُمَّ يُدْرِكْهُ الْمَوْتُ فَقَدْ وَقَعَ أَجْرُهُ عَلَى اللَّهِ ۗ وَكَانَ اللَّهُ غَفُورًا رَّحِيمًا

(ദൈവിക സരണിയിൽ ദേശത്യാഗം ചെയ്യുന്നവന് ധാരാളം പോംവഴികളും സൗകര്യങ്ങളും ലഭിക്കുന്നതാകുന്നു. അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും പലായനം ചെയ്യാൻ വീടുവിട്ടിറങ്ങുന്നവൻ പിന്നെ മരണമടയുകയാണെങ്കിൽ അവന്റെ പ്രതിഫലം അല്ലാഹുവിങ്കൽ ഉറച്ചതുതന്നെ. അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമല്ലോ).

ഭൂമിയുടെ മൗലികമായ ഉടമസ്ഥത അല്ലാഹുവിനാണ് എന്ന സത്യം ഇന്ന് ഏറക്കുറെ വിസ്മൃതമായിരിക്കുന്നു. ദേശരാഷ്ട്രങ്ങളിൽ ഭൂമി ദേശീയ ജനതയുടേതാണ്. രാജാധിപത്യ രാജ്യങ്ങളിൽ രാജാക്കന്മാരുടേതാണ്. പുറത്തുനിന്ന് ആർക്കെങ്കിലും അങ്ങോട്ട് പ്രവേശിക്കണമെങ്കിൽ പാസ്പോർട്ടും വിസയും വേണം. അതാകട്ടെ ബന്ധപ്പെട്ട രാജ്യങ്ങളുടെ ഔദാര്യത്തെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ ഈ ഭൂമി അല്ലാഹു സൃഷ്ടിച്ചത് മുഴുവൻ മനുഷ്യ വംശത്തിനുമായാണ് - وَالْأَرْضَ وَضَعَهَا لِلْأَنَامِ. ആർക്കും അതിൽ എവിടെയും പാർക്കാനവകാശമുണ്ട്. പാർക്കുന്നവരെ പുറത്താക്കാൻ ആർക്കും അവകാശമില്ല. ആളുകൾ എന്റെ നാട്, എന്റെ ഭൂമി എന്ന് ഊറ്റംകൊള്ളുന്നു. അതിലെ ഒരു തരി മണ്ണ് പോലും ഈ ഊറ്റം കൊള്ളുന്നവരാരും സൃഷ്ടിച്ചതല്ല. ഭൂമിയുടെ സ്രഷ്ടാവും ഉടമയുമായ അല്ലാഹു അത് അവർക്ക് മാത്രമായി പതിച്ചുകൊടുത്തതുമല്ല. ചരിത്രത്തിന്റെ പല ഘട്ടങ്ങളിൽ പല കാരണങ്ങളാൽ ജനങ്ങൾ ഭൂമിയുടെ പല ഭാഗങ്ങളിൽ ചെന്ന് പാർപ്പുറപ്പിച്ചു. പിന്നീട് ചില കുടിയേറ്റക്കാർ ആദ്യം ചെന്ന കുടിയേറ്റക്കാരെ കൊന്നും ആട്ടിപ്പായിച്ചും ആ പ്രദേശം തങ്ങളുടേതാക്കി. ഇന്ത്യയിൽ ആദ്യം പാർപ്പുറപ്പിച്ച ദ്രാവിഡ ജനതയെ അടിമകളാക്കിയും വനത്തിലേക്ക് തള്ളിമാറ്റിയും പിന്നീട് വന്ന ആര്യന്മാർ ഈ ഭൂമി പിടിച്ചെടുത്തു. അങ്ങനെ ഇന്ത്യ ആര്യാവർത്തമായി. ഇത് ചരിത്രാതീതകാലത്തെ കഥ. ചരിത്രകാലത്തെ കഥകൾ തന്നെയുണ്ട് ധാരാളം. അമേരിക്ക വെള്ളക്കാരുടെ രാജ്യമായിട്ട് അഞ്ഞൂറു കൊല്ലമേ ആയിട്ടുള്ളൂ. അതെങ്ങനെ സംഭവിച്ചു എന്ന് എല്ലാവർക്കുമറിയാം. അതേ രീതിയിൽ തന്നെയാണ് ആസ്ത്രേലിയൻ ഭൂഖണ്ഡവും വെള്ളക്കാരുടേതായത്. ഫലസ്തീൻ ജൂതന്മാരുടെ മാത്രം രാജ്യമായ ഇസ്രയേൽ ആയത് കഴിഞ്ഞ നൂറ്റാണ്ടിൽ മാത്രമാണ്. ഏറെ ഭീകരവും നിഷ്ഠുരവുമായ ചെയ്തികളിലൂടെ രൂപം കൊണ്ട ഇസ്രയേലിലെ പൂർവനിവാസികളായ അറബികളിൽ കൊല്ലപ്പെടാത്തവർ രാജ്യവും പൗരത്വവുമില്ലാത്തവരായി ലോകമെങ്ങും അലയുകയാണ്.

ഞങ്ങളുടെ നാട് ഞങ്ങളുടേതു മാത്രം, മറ്റാരും ഇങ്ങോട്ടു വരാൻ പാടില്ല എന്ന നിലപാടിന് നൈതികവും ധാർമികവുമായ യാതൊരു അടിസ്ഥാനവുമില്ല. ഭൂമിയും വിഭവങ്ങളും കുത്തകവത്കരിക്കാൻ ആളുകൾ കൃത്രിമമായുണ്ടാക്കിയതാണീ അതിർവരമ്പുകളും വിലക്കുകളും.

ആദർശവും ആദർശോചിതമായ ചര്യയും മുറുകെ പിടിച്ച് ജീവിതം നയിക്കുക അനായാസകരമല്ല. രോഗത്തിനും ദാരിദ്ര്യത്തിനും പുറമെ ചിലപ്പോൾ കഠിനമായ ദുരിതങ്ങളും പീഡനങ്ങളും അനുഭവിക്കേണ്ടിവരും. ചിലപ്പോൾ ജനിച്ച നാടും വീടും വെടിഞ്ഞ് പലായനം ചെയ്യേണ്ടിവരും. എല്ലാതരം പ്രതിസന്ധികളെയും സ്ഥൈര്യം കൊണ്ടും സഹനശക്തി കൊണ്ടും തരണം ചെയ്യേണ്ടതുണ്ട്. അത്തരം സഹനശാലികൾക്കുള്ള പ്രതിഫലം അവർ അർഹിക്കുന്നതിലേറെ ഏറ്റം മികച്ച രീതിയിൽ തന്നെ അല്ലാഹു നൽകുന്നതാണ്. അത് എണ്ണിയോ അളന്നോ തൂക്കിയോ കണക്കാക്കാനാവാത്തതായിരിക്കും. നിങ്ങളുടെ സങ്കൽപത്തിനും പ്രതീക്ഷക്കും അപ്പുറമുള്ളതായിരിക്കും നിങ്ങൾക്ക് ലഭിക്കുന്ന പ്രതിഫലമെന്നർഥം. ●

---

قُلْ إِنِّي أُمِرْتُ أَنْ أَعْبُدَ اللَّهَ مُخْلِصًا لَّهُ الدِّينَ ﴿١١﴾

11. പ്രവാചകൻ ജനങ്ങളോടു പറയുക: വിധേയത്വം അല്ലാഹുവിനു മാത്രമായി അർപ്പിച്ചുകൊണ്ട് അവന് ഇബാദത്ത് ചെയ്യാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു.

وَأُمِرْتُ لِأَنْ أَكُونَ أَوَّلَ الْمُسْلِمِينَ ﴿١٢﴾

12. മുസ്‌ലിംകളുടെ ഒന്നാമനായിരിക്കാനും ഞാൻ കൽപി ക്കപ്പെട്ടിരിക്കുന്നു.

**11,12**

قُلْ = നീ (പ്രവാചകൻ ജനത്തോടു) പറയുക

إِنِّي أُمِرْتُ = തീർച്ചയായും ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു

أَنْ أَعْبُدَ اللَّهَ = ഞാൻ അല്ലാഹുവിന് ഇബാദത്ത് ചെയ്യണമെന്ന്

مُخْلِصًا لَهُ الدِّينَ = വിധേയത്വം അവന് (അല്ലാഹുവിന്) മാത്രമാക്കിയവനായി (മാത്രം അർപ്പിച്ചുകൊണ്ട്)

وَأُمِرْتُ = ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു

لِأَنْ أَكُونَ أَوَّلَ الْمُسْلِمِينَ = മുസ്‌ലിംകളുടെ, അനുസരിക്കുന്നവരുടെ ഒന്നാമനായിരിക്കാനും

വിശ്വാസികളെ ഉപദേശിച്ച ശേഷം മൊത്തം സമൂഹത്തെ ഉദ്ബോധിപ്പിക്കുകയാണ്. 11-15 സൂക്തങ്ങളിൽ قُلْ നാലു വട്ടവും أُمِرْتُ -വും مُخْلِصًا لَهُ الدِّينَ -ഉം രണ്ടു വട്ടം വീതവും ആവർത്തിച്ചു വന്നിരിക്കുന്നു. പറയുന്ന ഓരോ കാര്യവും അല്ലാഹുവിന്റെ കൽപന പ്രകാരമാണെന്നും ഗൗരവമേറിയ കാര്യങ്ങളാണെന്നുമാണ് قُلْ ആവർത്തിക്കുന്നതിന്റെ സൂചന. أُمِرْتُ രണ്ടു വട്ടം പറഞ്ഞത് രണ്ടും രണ്ടു കൽപനയാണെന്ന് സൂചിപ്പിക്കുന്നു. مُخْلِصًا لَهُ الدِّينَ ആവർത്തിച്ചത് അത് സൂക്തങ്ങളുടെ മുഖ്യ പ്രമേയവും സംബോധിതർ ഗൗരവപൂർവം ഉൾക്കൊള്ളേണ്ടതും ആയതുകൊണ്ടാണ്. مُخْلِصًا لَهُ الدِّينَ -ന്റെ ആശയം നേരത്തേ 2-3 സൂക്തങ്ങൾക്കു താഴെ ചർച്ച ചെയ്തിരിക്കുന്നു. സൂക്തസാരം: ജനങ്ങളേ, ഞാൻ സ്വേഛയാ പ്രവാചകനായി വന്നിരിക്കുകയല്ല. അല്ലാഹു എന്നെ കൽപിച്ചയച്ചിരിക്കുകയാണ്. കൃത്രിമ ദൈവങ്ങളെയെല്ലാം വർജിച്ച് അല്ലാഹുവിനെ ആരാധിക്കണമെന്നും ആരാധിക്കുന്നത് അനുസരണവും വിധേയത്വവും, കലർപ്പും കലവറയുമില്ലാതെ നിഷ്കളങ്കമായി അല്ലാഹുവിന് സമർപ്പിച്ചുകൊണ്ടാവണമെന്നുമാണ് അവൻ എന്നോട് കൽപിച്ചിരിക്കുന്നത്. അങ്ങനെ ഞാൻ സൃഷ്ടികളുടെ അടിമത്തത്തിൽനിന്നും ആധിപത്യത്തിൽനിന്നും മോചിതനായി യഥാർഥ ദൈവമായ അല്ലാഹുവിന്റെ മാത്രം അടിമയായിരിക്കുന്നു. അല്ലാഹു എനിക്ക് നൽകിയ ഈ കൽപന എന്നിലൂടെ നിങ്ങൾക്കുള്ള കൽപനയുമാകുന്നു. നിങ്ങളും സൃഷ്ടികളായ വ്യാജ ദൈവങ്ങളുടെ അടിമത്തം ഉപേക്ഷിച്ച് യഥാർഥ ദൈവത്തിന്റെ- അല്ലാഹുവിന്റെ- അടിമത്തത്തിലേക്ക് വരിക.

എന്റെ പ്രബോധനം സ്വീകരിച്ച് ആരാധനയും അനുസരണവും വിധേയത്വവുമെല്ലാം അല്ലാഹുവിന് മാത്രമായി സമർപ്പിച്ചവരിൽ ഒന്നാമനായി ദൈവത്തോടുള്ള അനുസരണത്തിന്റെ പ്രായോഗിക മാർഗത്തിലൂടെ അവരെ നയിക്കാനും അല്ലാഹു എന്നോട് കൽപിച്ചിരിക്കുന്നു. أَنْ أَكُونَ أَوَّلَ الْمُسْلِمِينَ എന്നാണ് മൂലവാക്യം. സാങ്കേതിക ഭാഷയിൽ ദൈവിക ദീൻ സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്നവനാണ് മുസ്‌ലിം. മുസ്‌ലിംകളിൽ ഒന്നാമനാവുകയെന്നാൽ അല്ലാഹു പ്രവാചകന് നൽകിയ കൽപനകൾ- ദീൻ- അവൻ പഠിപ്പിച്ച പ്രകാരം പ്രായോഗിക ജീവിതത്തിൽ ആചരിക്കുന്നതിൽ ഒന്നാമനാവുകയാണ്. അല്ലാഹുവിങ്കൽനിന്ന് ദിവ്യബോധനം -വഹ്‌യ്- സ്വീകരിച്ചതോടെ പ്രവാചകൻ വിശ്വാസികളിൽ ഒന്നാമൻ -اوّل المؤمنين ആയിക്കഴിഞ്ഞു. വഹ്‌യ് അനുസരിച്ച് പ്രവർത്തിക്കുമ്പോൾ അനുസരിക്കുന്നവരിലും ഒന്നാമൻ - أَوَّلَ الْمُسْلِمِينَ ആകുന്നു. ഒരു പ്രസ്ഥാനത്തിൽ ഒന്നാമനാകുന്നതിന് മൂന്ന് മാനങ്ങളുണ്ട്; പ്രസ്ഥാനത്തിന്റെ ആദർശങ്ങളും പരിപാടികളും ആദ്യം സ്വീകരിച്ചയാളാവുകയാണ് ഒന്ന്. അതിന്റെ ആചാര്യനും നായകനുമാവുകയാണ് രണ്ടാമത്തേത്. പ്രസ്ഥാനത്തിന്റെ കർമപരിപാടികൾക്ക് എക്കാലത്തേക്കുമുള്ള ആധികാരിക മാതൃകയാവുകയാണ് മൂന്നാമത്തേത്. ഈ മൂന്നു മാനങ്ങളും ഇവിടെ ഉദ്ദേശ്യമാകുന്നു. ഈ മാനങ്ങളിലെല്ലാം മുഹമ്മദ് (സ) മുസ്‌ലിംകളിൽ പ്രഥമനായിരിക്കുന്നു. വിശ്വാസ സത്യങ്ങളുടെ പ്രഘോഷണം മാത്രമായിരുന്നില്ല പ്രവാചകന്റെ ദൗത്യം. ആ സത്യങ്ങളുടെ പ്രയോഗവത്കരണവും അത് അംഗീകരിച്ചവരെ മുന്നിൽ നിന്ന് നയിക്കലും, അവർക്ക് അനിഷേധ്യമായ മാതൃകയായിരിക്കലും പ്രവാചക ദൗത്യത്തിന്റെ അവിഭാജ്യ ഘടകങ്ങളായിരുന്നു. സന്ദേശം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക-تبليغ- മാത്രമാണ് പ്രവാചകന്റെ ചുമതലയെന്ന് ഖുർആൻ ആവർത്തിച്ചു പറയുന്നുണ്ട്. ദൈവിക സൂക്തങ്ങൾ ജനങ്ങളെ കേൾപ്പിക്കുന്നതുകൊണ്ട് മാത്രം എത്തിച്ചുകൊടുക്കൽ- بلاغ- പൂർണമാകുന്നില്ലെന്ന് ഈ വചനങ്ങളിൽനിന്ന് വ്യക്തമാകുന്നു. ആ സന്ദേശത്തിന്റെ കർമരൂപം കാണിച്ചുകൊടുക്കുക കൂടി ചെയ്യുമ്പോഴേ അത് പൂർണമാകൂ. എത്തിച്ച സന്ദേശം ആരെയും ബലാൽക്കാരം സ്വീകരിപ്പിക്കുന്നതിനോ അനുസരിപ്പിക്കുന്നതിനോ ചുമതലപ്പെടുത്തിയിട്ടില്ലെന്നാണ് الا البلاغ -എത്തിച്ചുകൊടുക്കൽ മാത്രം- എന്നു പറഞ്ഞതിനർഥം; സന്ദേശത്തിന്റെ പ്രയോഗരൂപം കാണിച്ചുകൊടുക്കാനും അത് സ്വീകരിച്ചവരെ വ്യവസ്ഥാപിത സമൂഹമായി കെട്ടിപ്പടുക്കാനും കൽപിക്കപ്പെട്ടിട്ടില്ല എന്നല്ല. ●

قُلْ إِنِّي أَخَافُ إِنْ عَصَيْتُ رَبِّي عَذَابَ يَوْمٍ عَظِيمٍ ﴿١٣﴾

13. അവരോട് പറയുക: എന്റെ നാഥനെ ധിക്കരിക്കുകയാണെങ്കിൽ ഒരു ഭയാനക നാളിലെ ശിക്ഷയെ ഞാൻ ഭയപ്പെടേണ്ടതുണ്ട്.

قُلِ اللَّهَ أَعْبُدُ مُخْلِصًا لَهُ دِينِي ﴿١٤﴾

14. പ്രവാചകൻ പ്രഖ്യാപിക്കുക: എന്റെ വിധേയത്വം അല്ലാഹുവിനു മാത്രമായി അർപ്പിച്ചുകൊണ്ട് അവനു മാത്രമേ ഞാൻ ഇബാദത്ത് ചെയ്യൂ.

فَٱعۡبُدُواْ مَا شِئۡتُم مِّن دُونِهِۦۗ قُلۡ إِنَّ ٱلۡخَٰسِرِينَ ٱلَّذِينَ خَسِرُوٓاْ أَنفُسَهُمۡ وَأَهۡلِيهِمۡ يَوۡمَ ٱلۡقِيَٰمَةِۗ أَلَا ذَٰلِكَ هُوَ ٱلۡخُسۡرَانُ ٱلۡمُبِينُ ﴿١٥﴾

15. നിങ്ങൾ അവനെ വെടിഞ്ഞ് ഇഷ്ടമുള്ളതിന് ഇബാദത്ത് ചെയ്തുകൊള്ളുക. പ്രവാചകൻ ഉറപ്പിച്ചു പറഞ്ഞുകൊള്ളുക; യഥാർഥത്തിൽ നഷ്ടം പറ്റുന്നവർ, അന്ത്യനാളിൽ തങ്ങളെയും തങ്ങളുടെ കുടുംബത്തെയും നഷ്ടപ്പെടുന്നവരാകുന്നു. അറിഞ്ഞിരിക്കുക, അതത്രെ സുവ്യക്തമായ മഹാ നഷ്ടം.

**13-15**

قُلْ = നീ (അവരോടു) പറയുക إِنِّي أَخَافُ = ഞാൻ ഭയപ്പെടുന്നു (ഭയപ്പെടേണ്ടതുണ്ട്)
إِنْ عَصَيْتُ = ഞാൻ ധിക്കരിക്കുകയാണെങ്കിൽ رَبِّي = എന്റെ നാഥനെ عَذَابَ = ശിക്ഷയെ
يَوْمٍ عَظِيمٍ = ഒരു ഭയാനക നാളി(ലെ)ന്റെ قُلِ = നീ പറയുക (പ്രവാചകൻ പ്രഖ്യാപിക്കുക)
اللَّهَ أَعْبُدُ = അല്ലാഹുവിനു മാത്രം(മേ) ഞാൻ ഇബാദത്ത് ചെയ്യു(ു)ന്നു
مُخْلِصًا لَهُ دِينِي = എന്റെ വിധേയത്വം അവനു മാത്രമാക്കിയവനായിട്ട് (മാത്രം അർപ്പിച്ചുകൊണ്ട്)
فَاعْبُدُوا = നിങ്ങൾ ഇബാദത്ത് ചെയ്തുകൊള്ളുക مَا شِئْتُمْ = നിങ്ങൾ ഉദ്ദേശിക്കുന്നതിന് (ഇഷ്ടമുള്ളതിന്)
مِنْ دُونِهِ = അവനെ വെടിഞ്ഞ് قُلْ = നീ (പ്രവാചകൻ ഉറപ്പിച്ചു) പറഞ്ഞുകൊള്ളുക
إِنَّ الْخَاسِرِينَ = (യഥാർഥത്തിൽ) നഷ്ടം പറ്റുന്നവർ الَّذِينَ خَسِرُوا أَنْفُسَهُمْ = തങ്ങളെ(യും) നഷ്ടപ്പെടുന്നവരാകുന്നു
وَأَهْلِيهِمْ = തങ്ങളുടെ കുടുംബത്തെയും يَوْمَ الْقِيَامَةِ = ഉയിർത്തെഴുന്നേൽപു നാളിൽ
أَلَا = അറിഞ്ഞിരിക്കുക ذَٰلِكَ هُوَ = അതത്രെ الْخُسْرَانُ الْمُبِينُ = സുവ്യക്തമായ മഹാനഷ്ടം

കേവല വിധേയത്വം അല്ലാഹുവിനു മാത്രം സമർപ്പിച്ച് അവന് ഇബാദത്ത് ചെയ്യണമെന്നും ഈ ആദർശം നിങ്ങളിൽ പ്രബോധനം ചെയ്യണമെന്നും അതിന്റെ കർമ മാതൃകയായി നിങ്ങളെ നയിക്കണമെന്നും എനിക്ക് ലഭിച്ച ദൈവകൽപന ധിക്കരിക്കുകയാണെങ്കിൽ ഒരു ദുർദിനത്തിലെ ഭയാനകമായ ശിക്ഷ എനിക്ക് ഭയപ്പെടേണ്ടതുണ്ട്. ഈ ദൗത്യം ഞാൻ ആഗ്രഹിച്ചതുകൊണ്ടോ ആവശ്യപ്പെട്ടതുകൊണ്ടോ ഏൽപിക്കപ്പെട്ടതല്ല. അല്ലാഹുവിങ്കൽ നിന്നുള്ള അലംഘനീയമായ വിധിയാകുന്നു. അത് ഇതാ ഇപ്പോൾ ഞാൻ നിങ്ങളെ വ്യക്തമായി അറിയിച്ചുകഴിഞ്ഞു. ഇനി അത് ലംഘിക്കുന്നത് ഞാനായാലും അന്ത്യനാളിൽ ശിക്ഷിക്കപ്പെടും. നിങ്ങളാണ് വിധാതാവിന്റെ കൽപനകളെ ധിക്കരിക്കുന്നതെങ്കിൽ നിങ്ങളും അന്ത്യനാളിൽ കൊടൂരമായി ശിക്ഷിക്കപ്പെടും. നിങ്ങൾ എന്റെ സന്ദേശം നിഷേധിച്ച് വ്യാജ ദൈവങ്ങളുടെ അടിമത്തത്തിലും ആരാധനയിലും തുടരുകയാണെങ്കിൽ തുടർന്നുകൊള്ളുക. നിങ്ങളെ ബലാൽക്കാരം വിശ്വാസികളാക്കേണ്ട ഉത്തരവാദിത്തമൊന്നും എനിക്കില്ല.

പക്ഷേ ഒരു കാര്യം ഞാൻ അസന്ദിഗ്ധമായി പറയുന്നു: അല്ലാഹുവിനെ-സാക്ഷാൽ സത്യദൈവത്തെ- മാത്രമേ ഞാൻ ആരാധിക്കുകയുള്ളൂ. എന്റെ അനുസരണവും വിധേയത്വവും കലർപ്പേതുമില്ലാതെ അവനോട് മാത്രമായിരിക്കും. ഞാൻ നിങ്ങളെ വ്യക്തമായി അറിയിക്കുന്നു. ഏകനായ അല്ലാഹുവിനെ വെടിഞ്ഞ് നിങ്ങൾ ഇഷ്ടമുള്ളതിനെ ആരാധിച്ചുകൊള്ളുക. എനിക്കവയുമായി ഒരു ബന്ധവുമില്ല. ഇഹപര രക്ഷയും സൗഭാഗ്യവും കാംക്ഷിച്ചുകൊണ്ടാണല്ലോ നിങ്ങൾ അവയെ ആരാധിക്കുന്നത്. അത് മഹാ നഷ്ടക്കച്ചവടമാകുന്നു. കാരണം, നിങ്ങൾ ആരാധിക്കുന്നത് മിഥ്യാ ദൈവങ്ങളെയാണ്. നിങ്ങളെ രക്ഷിക്കാനോ ശിക്ഷിക്കാനോ അവക്കാവില്ല. അല്ലാഹുവിനെയും അവന്റെ ശാസനകളെയും തള്ളിക്കളഞ്ഞ് മിഥ്യാ ദൈവങ്ങളെ ആരാധിക്കുകയും അവയുടെ പേരിൽ ചെകുത്താൻ നൽകുന്ന പ്രചോദനങ്ങളെ പിന്തുടരുകയും ചെയ്യുക വഴി നിങ്ങൾ നിങ്ങളുടെയും ബന്ധുമിത്രാദികളെല്ലാവരുടെയും ജീവിതം നഷ്ടത്തിലാക്കുകയാണ്. നിങ്ങളുടെ ജീവിതം അന്ധവിശ്വാസങ്ങളാലും അനാചാരങ്ങളാലും മലീമസമാകുന്നു, നിങ്ങളുടെ പൈതൃകം പിന്തുടരുന്ന ബന്ധുക്കളുടെയും പിൻഗാമികളുടെയും ജീവിതവും മലീമസമാകുന്നു. തന്റെയും തന്റെ കുടുംബത്തിന്റെയും പിൻഗാമികളുടെയും ജീവിത നഷ്ടത്തേക്കാൾ ഭീമമായ നഷ്ടം മറ്റെന്തുള്ളൂ. കൃഷിയും കച്ചവടവുമൊക്കെ നഷ്ടമായാൽ അടുത്ത സീസണിൽ ലാഭമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കാം. കാരണവന്മാർ വരുത്തിയ നഷ്ടങ്ങൾ അനന്തരവന്മാർക്ക് പരിഹരിക്കാനായേക്കും. ഒരു തലമുറയുണ്ടാക്കിയ നഷ്ടം അടുത്ത തലമുറക്ക് നികത്താം. ജീവിതനഷ്ടം അങ്ങനെ നികത്തപ്പെടാവുന്നതല്ല. ആ നഷ്ടം അറിയുകയും അനുഭവിക്കുകയും ചെയ്യുക ഉയിർത്തെഴുന്നേൽപു നാളിലാണ്. അതിനു ശേഷം ഭൗതിക ജീവിതത്തിലുണ്ടായ ഒരു നഷ്ടവും നികത്താൻ ആർക്കും ഒരവസരവും ലഭിക്കുകയില്ല. خَسِرَ (നഷ്ടപ്പെട്ടു)-യിൽനിന്നുള്ള നാമരൂപങ്ങളാണ് خُسْر-ഉം خسارة-ഉം خُسْرَان-ഉം. നഷ്ടം, നാശം, ഹാനി, പാപ്പരത്തം, പരാജയം എന്നൊക്കെ അർഥമുണ്ട്. خسران ഭീമവും നീചവും അപരിഹാര്യവുമായ നഷ്ടമാണ്. أَلَا ذَٰلِكَ هُوَ الْخُسْرَانُ الْمُبِينُ എന്ന വാക്യത്തിൽ ഇങ്ങനെയൊരു ധ്വനി കൂടിയുള്ളതായി ചില വ്യാഖ്യാതാക്കൾ നിർധാരണം ചെയ്തിരിക്കുന്നു: ഈ ദീൻ സ്വീകരിച്ചാൽ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ചില നേട്ടങ്ങൾ നഷ്ടപ്പെടുമെന്ന് നിങ്ങൾ ആശങ്കിക്കുന്നു. അന്യായമായും അധാർമികമായും അനുഭവിക്കുന്ന ചിലതൊക്കെ ഒഴിവാക്കേണ്ടിവരുമെന്നത് ശരിയാണ്. പക്ഷേ പരലോകത്ത് നേരിടേണ്ടിവരുന്നതാണ് മൗലികവും ശാശ്വതവുമായ നഷ്ടം. അതിനെ അപേക്ഷിച്ച് ഭൗതിക ജീവിതത്തിലെ താൽക്കാലികമായ നഷ്ടങ്ങൾ നഷ്ടങ്ങളേ അല്ല. ●